# തിരുവിതാംകൂർ ദേവസ്വം ബോർഡ്

culturaldirectortdb@gmail.com

നം.46/17/സിഎ.2

**ഡയറക്ടറാഫീസ്,**
**സാംസ്കാരിക-പുരാവസ്തു വകുപ്പ്**
തിരുവനന്തപുരം.. 17 ..10..2023.

## ക്വട്ടേഷൻ നോട്ടീസ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ള പേപ്പർ കട്ടിംഗ് വേസ്റ്റ്, റാപ്പർ തുടങ്ങിയവ നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

ഓരോ ഐറ്റത്തിനും കിലോഗ്രാം ഒന്നിന് നിരക്ക് രേഖപ്പെടുത്തി സീൽ ചെയ്ത ക്വട്ടേഷനുകൾ 26.10.2023 ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. ക്വട്ടേഷനുകൾ അന്നേ ദിവസം 3 മണിക്ക് ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം ക്യാഷ് ആയോ സാംസ്കാരിക-പുരാവസ്തു ഡയറക്ടറുടെ പേരിൽ ഡി.ഡി ആയോ ഹാജരാക്കേണ്ടതാണ്.

പേപ്പർ കട്ടിംഗ് വേസ്റ്റിന്റെയും, റാപ്പറിന്റെയും പരമാവധി തുക ക്വാട്ട് ചെയ്ത് ആളിന്റെ പേരിൽ കുത്തക അംഗീകരിക്കുന്നതിന് ബോർഡിലേക്ക് ശുപാർശ ചെയ്യുന്നതിനും, ക്വട്ടേഷൻ ബോർഡിൽ നിന്നും അംഗീകരിച്ച് വരുന്ന മുറയ്ക്ക് 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി വച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്. ടി ഐറ്റങ്ങൾ കുമിഞ്ഞ് കൂടുന്നതനുസരിച്ച് എടുത്തു മാറ്റുന്നതിന് ഈ ആഫീസിൽ നിന്നും നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് ക്വട്ടേഷനറുടെ ചുമതലയിൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ തൂക്കി എടുത്ത് പണമടച്ച് ബോദ്ധ്യപ്പെട്ട് സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്. പേപ്പർ കട്ടിംഗ് വേസ്റ്റ്, റാപ്പർ ഇവ യാഥാക്രമം ഒന്നിച്ച് മാറ്റി സ്ഥലം ഒഴിവാക്കുന്നതിനുള്ള ബാദ്ധ്യത കരാറുകാരനിൽ നിക്ഷിപ്തമാണ്. യാതൊരു കാരണവശാലും റാപ്പർ വേസ്റ്റ് ബാക്കിയിട്ട് കട്ടിംഗ് വേസ്റ്റ് മാത്രം കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല.

വേസ്റ്റ് നീക്കം ചെയ്യുന്നതിന് ഈ ആഫീസിൽ നിന്നും നിർദ്ദേശം ലഭിച്ച ശേഷം യഥാക്രമം വേസ്റ്റ് മാറ്റിയില്ലെങ്കിൽ താമസം വരുന്ന ഓരോ ദിവസത്തിനും 100/- രൂപ പിഴ ഈടാക്കുന്നതാണ്. ടി ഐറ്റങ്ങൾ നീക്കം ചെയ്യാതെ നശിച്ചു പോയാൽ തൻമൂലമുണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ഡിപ്പാർട്ടമെന്റിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

**ഡയറക്ടർ**

PS.17.10.2023